**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1765** **08-02-2023 - ൽ മറുപടിയ്ക്ക്**

**വൃദ്ധസദനങ്ങൾക്ക് നൽകിവരുന്ന സർക്കാർ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്ന എല്ലാ വൃദ്ധസദനങ്ങൾക്കും സർക്കാർ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (എ) | ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സംസ്ഥാനത്തെ എല്ലാ വൃദ്ധ സദനങ്ങൾക്കും സർക്കാർ ധനസഹായം നൽകുന്നില്ല.<br>09.03.1992 ലെ സ.ഉ.(എം.എസ്)നം.93/ ഹോം ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ്, 17.06.2003 ലെ സ.ഉ.(കൈ)നം.24/2003/ സാക്ഷേവ എന്നീ ഉത്തരവുകൾ അനുസരിച്ചുള്ള മാനദണ്ഡങ്ങളാണ് വൃദ്ധ സദനങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിക്കുന്നതിന് അടിസ്ഥാനമാക്കുന്നത്. |
| (ബി) | പ്രസ്തുത വൃദ്ധസദനങ്ങളുടെ പ്രവർത്തനത്തിനായി എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ളതും സർക്കാർ ഗ്രാന്റ് ഇൻ എയ്ഡിന് അർഹതയുള്ളതുമായ വൃദ്ധ സദനങ്ങൾക്ക് ഗ്രാന്റ് ഇൻ എയ്ഡ് മാത്രമാണ് വകുപ്പ് മുഖേന അനുവദിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ